(ഇ) ജൂനിയർ ഇൻസ്പെക്ടർമാരുടെ നിയമനത്തിന് (സി) ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞിരിക്കുന്നതുപോലെ 2:2:1 എന്ന അനുപാതമാണ് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(എഫ്) ചോദ്യം 'സി' യ്ക്കുള്ള മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

സംസ്ഥാന സഹകരണ ബാങ്കിലെ ജനറൽ മാനേജരുടെ തസ്തിക

103(319) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ജനറൽ മാനേജരുടെ തസ്തിക നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തിക എന്നു മുതലാണ് നിലവിൽ വന്നത് ;

(ബി) ജനറൽ മാനേജർ തസ്തികയുടെ ശമ്പള സ്കെയിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ തസ്തികയിലേയ്ക്കുള്ള നിയമനവ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; ബന്ധപ്പെട്ട ചട്ടങ്ങളുടെ ഒരു കോപ്പി ലഭ്യമാക്കാമോ ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ ബാങ്കുകളിലേയും നിയമനം പി.എസ്.സി.ക്ക് വിട്ടുകൊണ്ട് നിയമനിർമ്മാണം നടത്തിയശേഷം ഏറ്റവും ഉയർന്ന തസ്തികകളിൽ പ്രമോഷൻ മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത്തരത്തിൽ നിയമനം നടത്തിയതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) 2 തസ്തികകൾ നിലവിലുണ്ട്. ഒരു സ്ഥിരം തസ്തികയും ഒരു താല്ക്കാലിക തസ്തികയും. സ്ഥിരം തസ്തിക സ്റ്റാഫ് പാറ്റേൺ നിലവിൽ വന്ന തീയതി മുതലും താല്ക്കാലിക തസ്തിക 1993 മുതലുമാണ് നിലവിലുള്ളത്.

(ബി) 12000-400/10-16000-425/2-16850-450/2-17750-475/2-18700 രൂപയാണ് ശമ്പള സ്കെയിൽ .

(സി) 1-1-2000-ൽ നിലവിൽ വന്ന സഹകരണ നിയമ വ്യവസ്ഥ പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ കരാർ അടിസ്ഥാനത്തിലോ നിയമനം ആകാം.

(ഡി&ഇ) സംസ്ഥാന സഹകരണ ബാങ്കിൽ താല്ക്കാലിക ജനറൽ മാനേജർ തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. താൽക്കാലിക തസ്തിക ആയതിനാലും ഡെപ്യൂട്ടേഷൻ വഴി ആരേയും ലഭിക്കാതെ വന്നതിനാലുമാണ് ബാങ്ക് കരാർ നിയമനം നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly